## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5493 — 04.07.2013-ൽ മറുപടിയ്ക്ക്

### ഭൂജല വകുപ്പിന്റെ കീഴിൽ കുഴൽ കിണറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഭൂജല വകുപ്പിന്റെ കീഴിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | എ) ഭൂജല പരിവേഷണവും വികസനവും എന്ന പദ്ധതിയിൻ കീഴിലാണ് കുഴൽ കിണർ നിർമ്മാണത്തിനുള്ള തുക പ്രധാനമായും വകയിരുത്തിയിട്ടുള്ളത്. കൂടാതെ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ കുടിവെള്ളം പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച്, ജല ലഭ്യത അനുസരിച്ച് ചെറുകിട കുടിവെള്ള പദ്ധതിയോ, ഹാൻഡ് പമ്പ് ഘടിപ്പിച്ച പദ്ധതിയോ നടപ്പിലാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഫണ്ട്, എം.പി/എം.എൽ.എ/ എസ്.ഡി.എഫ്/എസ്.സി. എസ്.ടി ഫണ്ട് എന്നിവ ഉപയോഗിച്ച് ആവശ്യാനുസരണം കുഴൽ കിണർ നിർമ്മാണം നടത്തുക, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കാലാകാലങ്ങളിൽ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ കുഴൽ കിണർ കുഴിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക എന്നീ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാരിന്റെ കാലത്ത് എത്ര കുഴൽ കിണറുകൾ വിവിധ സ്ഥലങ്ങളിലായി നിർമ്മി ച്ചിട്ടുണ്ട് ; | ബി) | ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ മൊത്തം 2726 കുഴൽ കിണർ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഭൂജല വകുപ്പ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. |
| സി) | ആർക്കെല്ലാം വേണ്ടിയാണ് ഈ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | സി) | വ്യക്തികൾക്ക് കുടിവെള്ളത്തിനും ജലസേചനത്തിനുമായും, വിവിധ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കും വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തിയും ആണ് കുഴൽ കിണർ നിർമ്മിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ